നമസ്യേ ത്വാം മഹാദേവ ലോകാനാം ഗുരുമീശ്വരം
പുംസാമപൂർണ്ണകാമാനാം കാമപൂരാമരാങ് ഘ്രിപം (10–62–7)
തം നാഗ പാശൈർബ്ബലി നന്ദനോ ബലീ
ഘ്നന്തം സ്വസൈന്യം കുപിതോ ബബന്ധ ഹ
ഊഷാ ഭൃശം ശോകവിഷാദ വിഹ്വലാ
ബദ്ധം നിശമ്യാശ്രുകലാക്ഷ്യരൌദിഷീത് (10–62–35)

*ശുകമുനി തുടർന്നു:*
ഭഗവാൻെറ പൗത്രനായ അനിരുദ്ധൻ ബാണൻെറ മകളായ ഉഷയെ വിവാഹം കഴിച്ചു. ബലിയുടെ പുത്രനായിരുന്നു ബാണൻ. അച്ഛനേപ്പോലെതന്നെ പ്രജാക്ഷേമതൽപരനും ദാനശീലനും ഗുണവാനുമായിരുന്നു അദ്ദേഹം. അദ്ദേഹം ശോണിതപുരം എന്നു പേരായ നഗരം ഭരിച്ചു. ബാണൻ പരമശിവൻെറ ഭക്തനായിരുന്നു. മഹേശൻ തൻെറ ഭക്തനിൽ സംപ്രീതനായി ഇഷ്ടമുള്ള വരം കൊടുത്തു. എക്കാലവും തൻെറ നഗരത്തിന് കാവൽ നിൽക്കാനാണ് ബാണൻ പരമശിവനോട് ആവശ്യപ്പെട്ടത്. അപ്പോൾമുതൽ ശിവൻ ശോണിതപുരത്തിൻെറ കാവൽക്കാരനായി.

ഒരു ദിവസം തൻെറ ശക്തിയിൽ അഹങ്കാരം പൂണ്ട ബാണൻ പറഞ്ഞു: “ഞാൻ മഹാദേവനെ നമസ്ക്കരിക്കുന്നു. അങ്ങാണ് വിശ്വഗുരു. സർവ്വരുടേയും അഭീഷ്ടം സാധിപ്പിക്കുന്നത് അവിടുന്നത്രേ. ഭഗവൻ, അവിടുന്നെനിക്ക് ആയിരം കൈകൾ നൽകിയിട്ടുണ്ട്. പക്ഷെ അതുകൊണ്ട് യുദ്ധം ചെയ്യാനായി എനിക്കു പറ്റിയ എതിരാളികൾ ആരുമില്ല. എൻെറ ആയിരം കൈകളും ഒരു യുദ്ധത്തിനായി ത്വരകൊള്ളുന്നു. ഞാൻ നോക്കുമ്പോൾ എനിക്കെതിരിടാൻ അവിടുന്നു മാത്രമെയുള്ളു.” ഭഗവാൻ ബാണൻെറ അധികപ്രസംഗത്തെ ചിരിച്ചു പുറന്തള്ളി. എന്നിട്ട് പറഞ്ഞു: “ക്ഷമിക്ക് വിഡ്ഢീ, നിൻെറ കൊടിക്കൂറയും താഴെ വീഴും. അന്ന് നിന്നെ എതിർക്കാൻ ശക്തനായ ഒരുവൻ നിൻെറ അഹങ്കാരം നശിപ്പിക്കും.”

ബാണൻെറ മകൾ ഉഷ ഒരുരാത്രി തന്നെയൊരു യുവകോമളൻ പുൽകുന്നതായി സ്വപ്നം കണ്ടു. കണ്ണുതുറന്നു നോക്കിയപ്പോൾ ആരെയും കണ്ടില്ല. പ്രേമപരവശയായി അവൾ “അങ്ങെവിടെയാണ് പ്രിയനേ?” എന്നും പറഞ്ഞു കൊണ്ട് നടപ്പായി. ഉഷയുടെ തോഴി ചിത്രലേഖ പലേ ദേവൻമാരുടെയും, ഗന്ധർവ്വൻമാരുടെയും, രാജകുമാരൻമാരുടെയും ചിത്രങ്ങൾ വരച്ച് ഉഷയെ കാണിച്ചു. ഉഷ അതിൽനിന്നും അനിരുദ്ധനെ തിരിച്ചറിഞ്ഞു. താൻ സ്വപ്നത്തിൽ പുൽകിയ കാമുകൻ അനിരുദ്ധൻ തന്നെ. ചിത്രലേഖയ്ക്ക് മാന്ത്രിക ശക്തികളുണ്ടായിരുന്നു. ദ്വാരകയിൽ ഉറങ്ങി കിടന്നിരുന്ന അനിരുദ്ധനെ ചിത്രലേഖ കൊണ്ടുവന്നു.

ബാണൻെറ കൊട്ടാരത്തിൻറ അകത്തളങ്ങളിൽ കനത്ത കാവലുണ്ടായിരുന്നുവെങ്കിലും ഉഷയും അനിരുദ്ധനും അവിടെ സുഖിച്ചു വാണു. കാലക്രമത്തിൽ ഉഷ കന്യകയല്ലെന്ന വസ്തുത മനസ്സിലാക്കിയ കാവൽക്കാർ വിവരം രാജാവിനെ അറിയിച്ചു. രാജാവ് അവിടേയ്ക്ക് പാഞ്ഞുചെന്ന് സത്യം മനസ്സിലാക്കി. ശക്തനായ അനിരുദ്ധൻ ബാണൻെറ യോദ്ധാക്കളെ പലരേയും തോൽപ്പിച്ചു വീഴ്ത്തി. അനിരുദ്ധൻ യോദ്ധാക്കളെ നേരിടുന്ന സമയത്ത് ബാണൻ അവനെ നാഗപാശങ്ങളാൽ കുരുക്കിട്ട് ബന്ധിച്ചു. തൻെറ പ്രിയൻ ബൻധിതനായതു കണ്ട് ഉഷ അലമുറയിടാനും തുടങ്ങി.